പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2326 — 06.10.2016 -ൽ മറുപടിക്ക്

## പീലിംഗ് തൊഴിലാളികളുടെ ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പീലിംഗ് തൊഴിലാളികൾക്കായി ഒരു സമഗ്ര ക്ഷേമപദ്ധതി നടപ്പാക്കാൻ ആലോചനയുണ്ടോ; | (എ) | 1999 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യഅനുബന്ധമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളെയും ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി ക്ഷേമ പദ്ധതികളുടെ ആനുകൂല്യം നൽകി വരുന്നുണ്ട്. കമ്പനി നിയമത്തിന്റെ പരിധിയിൽ വരാത്ത എല്ലാ പീലിംഗ് തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി വരുന്നുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന എല്ലാ സഹായ പദ്ധതികളും മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് കൂടി വ്യാപിപ്പിച്ചും മത്സ്യതൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ പീലിംഗ് തൊഴിലാളികളെ കൂടി ഉൾകൊള്ളിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യഅനുബന്ധത്തൊഴിലാളികൾക്കായി 11 ഇന ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ മത്സ്യത്തൊഴിലാളി വിധവകളായ പീലിംഗ് തൊഴിലാളികളും ഉൾപ്പെടുന്നതാണ്. 1980 ലെ കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ടിലെ നിർവ്വചനമനുസരിച്ച് മത്സ്യത്തൊഴിലാളികളല്ലാത്ത, പീലിംഗ് തൊഴിലാളികൾക്ക് നിലവിലെ കേന്ദ്ര-സംസ്ഥാന സർക്കാർ ഭവന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന്റെ ആനുകൂല്യം നൽകുവാൻ കഴിയുകയില്ല. |
| (സി) | എല്ലാ പീലിംഗ് തൊഴിലാളികളേയും നിർബന്ധമായും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിച്ചിരിക്കണമെന്ന് പീലിംഗ് കയറ്റുമതി സ്ഥാപനങ്ങളിലെ | (സി) യും (ഡി) | കമ്പനി നിയമത്തിന്റെ പരിധിയിൽപ്പെടാത്ത അസംഘടിത മേഖലയിൽ ജോലി ചെയ്യുവരുന്ന എല്ലാ മത്സ്യഅനുബന്ധ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. |

| | | |
|---|---|---|
| | തൊഴിലുടമകൾക്ക് കർശനം നിർദ്ദേശം നൽകുമോ; | ഇതിനായുള്ള നടപടികൾ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിക്കാവുന്നതാണ്. ക്ഷേമനിധി അംഗത്വം സ്വമേധയാ എടുക്കേണ്ടതാണ്. ആരെയും അതിനായി നിർബന്ധിക്കാനാവില്ല. |
| (ഡി) | ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ